(ഇ) സുസ്ഥിര കശുമാവ് കൃഷി വികസനം രണ്ടാംഘട്ടം എന്ന പദ്ധതിക്കായി 4889.69 ലക്ഷം രൂപയുടെ കരട് നിർദ്ദേശങ്ങൾ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കാഷ്യൂ ബോർഡ്

218 (T2456) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്ത സാഹചര്യത്തിൽ 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 26-4-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യവ്യവസായ വകുപ്പുമന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന വിഷയം ചർച്ച ചെയ്തു. കേന്ദ്രവാണിജ്യ വ്യവസായ വകുപ്പ് ഈ ശിപാർശ അനുകൂലിക്കുന്നുവെങ്കിലും കേന്ദ്ര സർക്കാരിൻ കീഴിലുള്ള പല വകുപ്പുകൾക്കും വിഭിന്ന അഭിപ്രായമുണ്ടെന്നും ആയതിനാൽ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേരള സർക്കാരും ഒരിക്കലും കൂടി പ്രസ്തുത വിഷയം പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ചർച്ചയിൽ തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് കേരള സർക്കാരിന്റെ പൂർണ്ണ സഹകരണവും പിന്തുണയും ഉണ്ടാകുമെന്നും പ്രസ്തുത വിഷയം സജീവമായി പരിഗണിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-1-2014-ൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല. ഈ വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly